പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3612 12.12.2014 - ൽ മറുപടിയ്ക്ക്

**സംസ്ഥാനത്തെ വൃദ്ധ സദനങ്ങൾ**

ചോദ്യം ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര വൃദ്ധസദനങ്ങളുണ്ടെന്നും ഓരോ വൃദ്ധ സദനത്തിലും എത്ര അന്തേവാസികളുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലായി 15 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 4 എണ്ണം വികലാംഗ വൃദ്ധസദനങ്ങളാണ്.<br>സന്നദ്ധ സംഘടനകൾ നടത്തുന്ന 532 വൃദ്ധസദനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 20680 അന്തേവാസികളുണ്ട്. ഓരോ സ്ഥാപനങ്ങളിലുമുള്ള അന്തേവാസികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ; | (ബി) | സർക്കാർ ധനസഹായം ലഭിയ്ക്കുന്ന സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ ഒരു അന്തേവാസിക്ക് 800 രൂപ ഗ്രാന്റിന് അർഹതയുണ്ട്. ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെട്ട ഒരു അന്തേവാസിക്ക് പ്രതിമാസം ഒരുരൂപ നിരക്കിൽ 5 കിലോഗ്രാം അരി നൽകുന്നു. കൂടാതെ 3 കിലോഗ്രാം ഗോതമ്പും 400 ഗ്രാം പഞ്ചസാരയും ബിപിഎൽ നിരക്കിൽ നൽകുന്നു.<br>സമീപ പ്രദേശത്തുള്ള സർക്കാർ ആശുപത്രിയിൽ നിന്ന് വൈദ്യസഹായം നൽകുന്നുണ്ട്. സ്ഥാപനങ്ങൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതിയും കുടിവെള്ളവും നൽകുന്നു. |
| (സി) | ഈ സദനങ്ങളുടെ മേൽ സർക്കാരിന് എന്തെല്ലാം നിയന്ത്രണങ്ങൾ ഉണ്ടെന്ന് വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡാണ് അംഗീകാരം നൽകുന്നത്. ഗ്രാന്റ് സ്വീകരിയ്ക്കുന്ന സ്ഥാപനങ്ങൾ ലോക്കൽ ഫണ്ട് ആഡിറ്റിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ആഡിറ്റിന് വിധേയമാണ്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ